# വിശുദ്ധക്വുർആൻ ഓതുവാൻ കഴിയാത്തവർക്കുള്ള വചനങ്ങൾ

**അവലംബ ഗ്രന്ഥം**
നാല് ശ്രേഷ്ഠവചനങ്ങളുടെ മഹത്വങ്ങൾ

**ഗ്രന്ഥകർത്താവ്**
ശൈഖ്: അബ്ദുർ റസാഖ് അൽബദ്ർ

**വിവർത്തനം**
അബ്ദുൽ ജബ്ബാർ അബ്ദുല്ല

ഇബ്നു അബീഔഫാ ﷺവിൽനിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു:

((جاءَ رجلٌ إلى النبي ﷺ فقالَ: يا رسول الله إني لا أستطيع أنْ أتعلم الْقُرآنَ، فَعلمني شيئاً يجزيني. قالَ:((تقولُ: **سبحانَ اللِهِ، والْحمد للّه، ولا إلَــه إلا اللّهُ، واللّهُ أكْبـَـر، ولاحولَ ولا قوةَ إلا باللِهِ))** فقالَ الأعرابِي: هكذَا وقبض يديه ـ فقالَ: هذا لله، فما لي؟ قَالَ: تقولُ:**((اللهم اغْفرليَ وارحمنِي وعافنِي وارزقْنِي واهدنِي ))** فأخذها الأعرابي وقبض كفّيه ، فقالَ النبي ﷺ: أما هذا فقد ملأ يديه بالخير )) قال المحدث أبو الطيب العظيم آبادي في تعليقة على سنن الدارقطني : سنده صحيح. وقال الألباني رحمه الله : سنده حسن.

((ഒരാൾ നബിﷺയുടെ അടുക്കലേക്ക് വന്നു. അയാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എനിക്ക് ക്വുർആൻ പഠിക്കാൻ സാധിക്കുന്നില്ല. അതിനാൽ എനിക്ക് മതിയാവുന്നവല്ലതും പഠിപ്പിച്ചാലും. നബിﷺ പറഞ്ഞു: നീ പറയുക: 'സുബ്ഹാനല്ലാഹ്, വൽഹംദു ലില്ലാഹ്, വലാഇലാഹ ഇല്ലല്ലാഹ്, വല്ലാഹു അക്ബർ, വലാഹൗല വലാക്വുവ്വത്ത ഇല്ലാ ബില്ലാഹ്' അഅ്റാബി പറഞ്ഞു: ഇപ്രകാരമോ, അയാൾ തന്റെ ഇരു കൈകളും ചുരുട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു: ഇത് അല്ലാഹുവിന് മാത്രമുള്ളതാണ്. എനിക്ക് എന്താണുള്ളത്? (പ്രവാചകൻﷺ) പറഞ്ഞു: നീ പറയുക: "അല്ലാഹുമ്മ ഇഗ്ഫിർലീ വർഹംനീ വആഫിനീ വർസുഖ്നീ വഹ്ദ്നീ" അപ്പോൾ അഅ്റാബി അത് സ്വീകരിക്കുകയും തന്റെ രണ്ട് ഉള്ളം കൈകളും മടക്കിപ്പിടിക്കുകയും ചെയ്തു. അപ്പോൾ നബിﷺ പറഞ്ഞു: എന്നാൽ ഇയാൾ തന്റെ ഇരുകരങ്ങളേയും നന്മ കൊണ്ട് നിറച്ചിരിക്കുന്നു''.[1] പ്രമുഖ ഹദീസ് പണ്ഡിതൻ അബുത്ത്വയ്യിബ് അൽഅദ്വീം ആബാദീ സുനനുദ്ദാറക്വുത്നിക്ക് അനുബന്ധക്കുറിപ്പ് നടത്തിയപ്പോൾ ഈ ഹദീസിന്റെ സനദ് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്, അൽബാനി ഹദീസിന്റെ സനദ് ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്.[2]

[1] അബൂദാവൂദ്, സുനൻ 832, നിസാഈ, സുന ൻ 2:143 ദാറക്വുത്നി, സുനൻ 1: 313,314

[2] അൽബാനി, സ്വഹീഹുഅബീദാവൂദ്, 1: 157